# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 879** **07.02.2013-ൽ മറുപടിക്ക്**

**മഴവെള്ളകൊയ്ത്ത്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,,ഹൈബി ഈഡൻ<br>,,കെ.ശിവദാസൻ നായർ<br>,,വർക്കല കഹാർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മഴവെള്ളകൊയ്ത്ത് ഊർജ്ജിത മാക്കാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) മൂന്നു ജില്ലകളിലെ ഉദയഗിരി (കണ്ണൂർ) മണർകാട്, പാറത്തോട് (കോട്ടയം) കൊന്നത്തടി, കഞ്ഞിക്കുഴി, വെള്ളിയാ-മറ്റം (ഇടുക്കി) എന്നീ പഞ്ചായത്തുകളിൽ മൂവായിരത്തോളം മഴവെള്ള സംഭരണ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമി-ക്കുന്നു. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, കേരളത്തിലാകെ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന തിനായി താഴെപ്പറയുന്ന പ്രവർത്തന ങ്ങളും ആസൂത്രണം ചെയ്യുന്നു.<br>1. സഞ്ചരിക്കുന്ന എക്സിബിഷൻ യൂണിറ്റ്.<br>2. വിവിധതല പരിശീലനങ്ങൾ |

| | |
|---|---|
| (ബി) ഇതിനായി മഴവെള്ള സംഭരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(സി) ഇതിനുള്ള പരിശീലനങ്ങൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (ബി) & (സി) തീരുമാനമായിട്ടുണ്ട്. ജലവിഭവ വകുപ്പ് ജലശ്രീ - സി.സി.ഡി.യു ന്റെ നേതൃത്വത്തിൽ മഴവെള്ള കൊയ്ത്ത് ഊർജ്ജിതമാക്കാൻ മഴവെള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞവർഷം മുതൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br>1. കേരളത്തിലെ ഓരോ പഞ്ചായത്തിലും 100 പേർ എന്ന ക്രമത്തിൽ 1000 തദ്ദേശ സ്ഥാപനങ്ങളിലായി 1 ലക്ഷം പേർ അടങ്ങുന്ന ജലകർമ്മ സേനയെ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2013 ഫെബ്രുവരി 19 മുതൽ ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ 3000 ഫാക്കൽറ്റികൾക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലനം ആസൂത്രണം ചെയ്തിട്ടുണ്ട്.<br>2. സംസ്ഥാനത്ത് മാതൃകാപരമായ മഴവെള്ള സംഭരണം നടത്തിയ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരങ്ങൾ ശേഖരിച്ച് 'മഴയ്ക്കുമുണ്ടൊരു കഥപറയാൻ' എന്ന പുസ്തകം പ്രസിദ്ധീകരിച്ച് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകി.<br>3. പോസ്റ്ററുകൾ, ലഘുലേഖകൾ പുസ്തകങ്ങൾ എന്നിവ തയ്യാറാക്കി നൽകുകയും പ്രധാന പട്ടണങ്ങളിൽ മഴവെള്ള സംഭരണ പ്രചാരണത്തിനായി ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.<br>4. മഴവെള്ള സംഭരണം, കിണർ റീചാർജ് എന്നീ മേഖലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നവയിലെ |

അംഗങ്ങൾക്കായി പരിശീലന പരിപാടികൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത് ? | (ഡി) | കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കേരളത്തിലാകെ സ്കൂൾ, കോളേജ് തലങ്ങളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ നടന്നു വരുന്നു. കണ്ണൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ പരിശീലനം പൂർത്തീകരിച്ചു. കേരളത്തിലാകെ പ്രാദേശിക തലത്തിൽ വാട്സാൻ സെന്ററുകൾ, മഴവെള്ള സംഭരണം ഉൾപ്പടെയുള്ള കാര്യങ്ങൾ മനസ്സിലാക്കുവാനായി ഇൻഫർമേഷൻ സെന്റർ എന്നിവ ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ